# സഭ ലോകത്തെ തെളിമയുള്ള യുഗത്തിലേക്ക് നയിക്കണം

*(അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ 14.11.2020ൽ നടത്തപ്പെട്ട സ്ഥാനാരോഹണ ശുശ്രൂഷയിലെ പ്രസംഗം)*

''എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു, അവന്റെ നാമം പരിശുദ്ധം തന്നെ'' (ലൂക്കോസ് 1 : 46, 47, 49).

അഭിവന്ദ്യ തിരുമേനിമാരെ, ആദരണീയരായ മത – സാമുദായിക – സാംസ്ക്കാരിക – രാഷ്ട്രീയ നേതാക്കളെ, വൈദീകരെ, കർത്താവിൽ പ്രീയ ദൈവജനമെ, നിങ്ങൾക്കേവർക്കും ക്രസ്തുയേശുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം.

ദീപാവലിയും ശിശുദിനവും ചേർന്ന്വരുന്ന ഒരു അപൂർവ്വ മുഹൂർത്തത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് മെത്രാപ്പോലീത്തായായിരുക്കുവാനുള്ള നിയോഗം എളിയവനായ എന്നെ ദൈവവും സഭയും ദൈവജനവും സഹമേല്പട്ടക്കാരും വൈദീകരും ചേർന്ന് ഏല്പിച്ചിരിക്കുന്നു. ദൈവവിളിയ്ക്കു മുമ്പിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. സർവ്വശക്തനായ ദൈവത്തോടും ദൈവരാജ്യത്തോടും നമ്മുടെ മാതൃരാജ്യമായ ഭാരതത്തോടും ഭാരത സഭയോടും ആഗോള സഭയോടും ഹൃദയം കൊണ്ടും മനസ്സുകൊണ്ടും ചേർന്ന് നിന്ന് മലങ്കര മാർത്തോമ്മാ സഭയെ ഒരു പുതുയുഗത്തിലേക്ക് നയിക്കുവാനുള്ള ഈ ചുമതല വിനയപൂർവ്വം ഏൽക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളും സഹായങ്ങളും മാത്രമാണ് ബലഹീനനായ എനിക്കുള്ള കൈമുതൽ എന്നും ഞാൻ വിശ്വസിക്കുന്നു.

പ്രാർത്ഥനയുടെ ശക്തിയാണ് പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നത്. യേശുക്രിസ്തു തന്റെ ശുശ്രൂഷയുടെ എല്ലാഘട്ടങ്ങളിലും പ്രാർത്ഥനയോടെ ഒരുങ്ങി. ആത്മപ്രേരിതനായി മരുഭൂമിയിൽ പ്രാർത്ഥിച്ചും ഉപവസിച്ചും ശുശ്രൂഷയ്ക്കിറങ്ങുന്ന ക്രിസ്തുവിന്, തന്റെ ദൗത്യത്തെക്കുറിച്ചുള്ള സുവ്യക്തത ഉണ്ടായിരുന്നു. പ്രാർത്ഥനയുടെയും ആത്മാവിന്റെയും ശക്തിയോടെയാണ് താൻ ഗലീലയിലേക്ക് മടങ്ങിയതും (ലൂക്കോസ് 4: 14), നസ്രേത്തിലെ ആലയത്തിൽ ചെന്ന് തന്റെ അഭിഷേകത്തെയും നിയോഗത്തെയും കുറിച്ച് പ്രഖ്യാപനം നടത്തിയതും (4:18,19). നിയോഗത്തിന്റെ ആരംഭത്തിൽ മാത്രമല്ല, കുരിശുമരണത്തോളം പ്രാർത്ഥനയുടെ പ്രഭ ഒളിമങ്ങാതെ നിലനിർത്തുവാൻ ക്രിസ്തുവാനായി. ജീവിതത്തിലെ തിരഞ്ഞെടുപ്പുകളിലും, ഗത്സമനയുടെ ഏകാന്തതയിലും, കുരിശിന്റെ തീവ്രമായ വേദനയിലും ക്രിസ്തുവിൽ നിന്നുയർന്നത് പ്രാർത്ഥനയാണ്. കൊടിയ പീഡനത്തിന്റെ മദ്ധ്യത്തിലും പ്രാർത്ഥനയുടെ പ്രാപ്തി തിരിച്ചറിയാൻ ആദിമ സഭയ്ക്ക് സാധിച്ചു. മന്ദിരത്തിൽ ധൂപം കാട്ടിയ സെഖര്യാവിന് ബലം പകരുവാൻ പുറത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു ജനസഞ്ചയമുണ്ടായിരുന്നതായി ലൂക്കോസ് 1: 10 ൽ കാണാം. ഒന്നുമില്ലായ്മയിൽ നിന്നും ആരംഭിച്ച മാർത്തോമ്മാ സഭ ദൈവകൃപയുടെ സമ്പന്നതയിൽ നാളിതുവരെ മുന്നേറുവാൻ ഇടയായതും നമ്മുടെ പൂർവ്വികരുടെ കണ്ണീരണിഞ്ഞ പ്രാർത്ഥനയുടെ ഫലമാണ്. ഈ കാലഘട്ടത്തിലും നിങ്ങളുടെ പ്രാർത്ഥന സഭയ്ക്ക് കരുത്താകുവാൻ സഭാമക്കളായ നിങ്ങൾ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

പുതിയ ചുമതലാ സ്ഥാനത്തേക്ക് പ്രവേശിക്കുമ്പോൾ എന്റെ വിളിയും നിയോഗവും എനിക്ക് ബോധ്യമാക്കി ത്തന്ന്  എന്നെ ഈ ശുശ്രൂഷയ്ക്ക് രൂപപ്പെടുത്തിയ എല്ലാവരെയും ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്റെ മാതാപിതാക്കളെയും അവരുടെ സമർപ്പണത്തെയും ദൈവഭക്തിയെയും നന്ദിപൂർവ്വം സ്മരിക്കുന്നു, ഞാൻ ജനിച്ച അഷ്ടമുടി പ്രദേശവും, പ്രാദേശിക ഇടവകയും എന്റെ ആത്മീക പരിപോക്ഷണത്തിന് സഹായകരമായി ത്തീർന്നിട്ടുണ്ട്. എന്റെ സഹോദരങ്ങൾ, എന്നെ അഭ്യസിപ്പിച്ച ഗുരുഭൂതർ, എന്റെ ഇടവക വികാരിമാർ, സ്നേഹിതർ, ദൈവശാസ്ത്ര രൂപീകരണത്തിലും ശുശ്രൂഷയിലും എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ളവർ എല്ലാവരും എന്റെ വിളിയും നിയോഗവും രൂപപ്പെടുത്തിയവരാണ്.  ഞാൻ പഠിച്ച കലാലയങ്ങളും പാർത്ത ബോർഡിംഗ് ഹോം / ഹോസ്റ്റലുകളും എന്റെ ആത്മീയ ജിവിതത്തെ ചിട്ടപ്പെടുത്താൻ സഹായിച്ച ഇടങ്ങളായിരുന്നു. ഭാഗ്യ സ്മരണീയനായ ഡോ. തോമസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത 1972 ജൂൺ 24ന് എനിക്ക് ശെമ്മാശ് പട്ടം നല്കി. ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ 1973 ഫെബ്രുവരി 24ന് എന്നെ കശ്ശീശ്ശ സ്ഥാനത്തേക്കും, 1989 ഡിസംബർ 9ന് എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കും പ്രവേശിപ്പിച്ചു. 1989 നവംബർ 4ന് റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തിയതും 2020 ജൂലൈ 12ന് സഫ്രഗൻ മെത്രാപ്പോലീത്താ പദവിയിലേക്ക് എന്നെ പ്രവേശിപ്പിച്ചതും ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായാണ്. മെത്രാപ്പോലീത്താമാരായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ, ഡോ. ജോസഫ് മാർത്തോമ്മാ എന്നിവരോടും സഭയിലെ മറ്റ് സഹമേല്പട്ടക്കാരോടും ചേർന്ന് പ്രവർത്തിക്കുവാൻ പിന്നിട്ട 30ൽ പരം വർഷങ്ങൾ സർവ്വശക്തനായ ദൈവം അവസരം നല്കി. സഭയിൽ സഫ്രഗൻ മെത്രാപ്പോലീത്താമാരായിരിക്കുകയും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്ത ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരെയും അവരുടെ ധന്യമായ ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവരുടെ പിൻമുറക്കാരനായിരുന്ന എന്നെ ഈ ഉന്നതമായ പദവിയിലേക്ക് വിളിച്ചുടുപ്പിക്കുന്ന ദൈവകൃപ എത്രയോ അവാച്യമാണ്. എന്റെ പട്ടത്വ – മേല്പട്ടത്വ ശുശ്രൂഷകളിൽ വൈദീകരിൽ നിന്നും ലഭിച്ച പ്രാർത്ഥനാ പൂർവ്വമായ പിന്തുണ എന്നും സ്മരിക്കപ്പെടേണ്ടതാണ്. ദൈവജനത്തിന്റെ സ്നേഹവും കരുതലും പ്രാർത്ഥനയുടെ പിൻബലവും നാളിതു വരെ ശക്തിദായകമായിരുന്നു.

സഭ ദൈവത്തിന്റെതാണ്. അത് വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ സമൂഹവുമാണ്. ആ കൂട്ടായ്മയിൽ ആത്മായരും, പട്ടക്കാരും, മേല്പട്ടക്കാരും ഉൾപ്പെടുന്നു. സഭാ ഗാത്രത്തിൽ ആത്മായ ഗണത്തിന്റെ പങ്കാളിത്വത്തിലും പ്രാർത്ഥനയിലൂമാണ് പട്ടത്വ – മേല്പട്ടത്വ സ്ഥാനീയരുടെ ശുശ്രൂഷകൾ അനുഗ്രഹപ്രദമാകുന്നത്. തനിയെ പ്രവർത്തിക്കുന്നതല്ല ദൗത്യം, ദൈവത്തോടും ദൈവജനത്തോടും ചേർന്ന് നിർവ്വഹിക്കേണ്ടതാണ് ശുശ്രൂഷ. ഒറ്റയ്ക്ക് ഒരു ശുശ്രൂഷയും മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയില്ല. കൂട്ടായുള്ള പ്രവർത്തനങ്ങളിലാണ് അനുഗ്രഹകരമായ തുടർച്ച സാധ്യമായിത്തീരുന്നത്. ഒരുപക്ഷെ പാർശ്വവത്ക്കരിക്കപ്പെട്ടവരും പരാജിതരെന്ന് കരുതുന്നവരും ഈ കൂട്ടായ്മയുടെ തന്നെ ഭാഗമാണ്. അതിനാൽ ക്രിസ്തു ശരീരമാകുന്ന സഭയിൽ സംഗതമായ ശുശ്രൂഷാ നിർവ്വഹണത്തിന് ദൈവജനത്തിന്റെ പ്രാർത്ഥനയും പങ്കാളിത്തവും അത്യന്താപേക്ഷിതമാണ്.

ഇന്ന് നവംബർ 14, ദീപാവലി. ദീപാവലി എന്ന വാക്കിന്റെ അർത്ഥം വിളക്കുകളുടെ കൂട്ടം എന്നാണ്. ഇൻഡ്യയിലെല്ലായിടത്തും ഇത് വെളിച്ചത്തിന്റെ ഉത്സവമാണ്. ഇരുളിൽ നിന്നും വെളിച്ചത്തിലേക്കും അസത്യത്തിൽ നിന്നും സത്യത്തിലേക്കും മൃത്യുവിൽ നിന്നും അമർത്യതയിലേക്കും നയിക്കണമേ എന്നതാണ് പ്രാർത്ഥന. 'ഞാൻ ലോകത്തിന്റെ വെളിച്ചമാണ്' (യോഹ. 8:12) എന്ന് ഉത്ഘോഷിച്ച ക്രിസ്തുവിനെ അനുധാവനം ചെയ്യുന്ന ഏതൊരു ക്രിസ്തുശിഷ്യനോടും കർത്താവ് ആവശ്യപ്പെടുന്നതും 'നിങ്ങൾ ലോകത്തിന് വെളിച്ചമായിരിക്കുവാനാണ് (മത്തായി 5:14)'. സഭയുടെ മുദ്രയിൽ അലേഖനം ചെയ്തിരിക്കുന്നതും 'പ്രകാശനായ പ്രകാശിത' (Lighted to Lighten) എന്നതാണ്. അന്ധകാരം വ്യപിക്കുന്ന സമകാലിക സാഹചര്യങ്ങളിൽ പ്രകാശമായി ശോഭിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. ഒളിമങ്ങാതെ എരിഞ്ഞടങ്ങുവാനാണ് നിയോഗം. ഒരു കാറ്റിനും കെടുത്താനാകാത്തവിധം തിരിയിലെ നാളം നിലനിർത്തുവാൻ നമുക്ക് സാധിക്കണം. ഇരുട്ട് കനക്കുന്ന കാലത്തിൽ നിന്നും തെളിമയുള്ള യുഗത്തിലേക്ക് ലോകത്തെ നയിക്കുകയാണ് സഭയുടെ ധർമ്മം. അതിന് വെളിച്ചത്തിന്റെ മക്കളായി ജീവിക്കണം. ശ്രേഷ്ഠമായ മനസ്സും ഉന്നതമായ പ്രവർത്തികളുമാണ് ലോകം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഏതൊരു സ്ഥാനത്തിന്റെയും വലിപ്പത്തെക്കാൾ ആ സ്ഥാനീയരുടെ സ്വഭാവ മഹിമക്കായിരിക്കും പ്രാധാന്യം. സത്യസന്ധത, സുതാര്യത, ഉത്തരവാദിത്വബോധം, കാര്യവിചാരകത്വം എന്നിവ വ്യക്തിജീവിതത്തിലും പൊതു ഇടപാടുകളിലും ഓരോ മാർത്തോമ്മാക്കാരനും നിലനിർത്താനാകണം.

കഴിഞ്ഞ 10 മാസമായി കൊറോണ വൈറസ് ബാധയെ തുടർന്ന് വിറങ്ങലിച്ച് നില്ക്കുകയാണ് ലോകം. ഇവിടെ പകച്ച് നില്ക്കുകയല്ല സഭയുടെ ധർമ്മം. ഉത്ഥിതനായ ക്രിസ്തു ഭയാശങ്കകളുടെ മധ്യത്തിൽ സമാധാനമാണ് ആശംസിച്ചത്. ഇതികർത്തവ്യഥാമൂഢരാകാതെ, മുന്നോട്ടുള്ള ഗമനത്തിന് ആഹ്വാനം ചെയ്തു. പരാജയത്തിന്റെയും നിരാശയുടെയും ഇടനാഴിയിൽ യാത്ര അവസാനിപ്പിക്കുവാനല്ല, മറിച്ച് ക്രിസ്തുവിനോട് ചേർന്ന് ലോകത്തെ പരിവർത്തിപ്പിക്കുന്ന പ്രത്യാശയുടെ സുവിശേഷം പകർന്ന് നല്കാനാണ് ക്രിസ്തു ശിഷ്യരെ നിയോഗിച്ചത്. ഇന്ന് സഭയുടെ മുന്നിലുള്ള വെല്ലുവിളിയും സമാനമാണ്. ദുരന്തങ്ങൾ ആവർത്തിക്കുന്ന ഭൂമികയിൽ അതിജീവനത്തിനായി ജനതകളെയും സമൂഹത്തെയും ശാക്തീകരിക്കുന്ന ശക്തി കേന്ദ്രങ്ങളായി മാറുകയാണ് സഭയുടെയും അതിന്റെ പ്രാദേശിക ഘടകങ്ങളായ ഇടവകകളുടെയും ധർമ്മം. അയൽപക്കത്ത് ആത്മഹത്യകൾ സംഭവിച്ചാൽ അത് നമ്മുടെ കൂടി പരാജയമായിക്കാണാനുള്ള ഉൾബോധം നമുക്കുണ്ടാകണം.

ഇടങ്ങളുടെ പരിവർത്തനമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. സമൃദ്ധവും മനോഹരവുമായ ആവാസവ്യവസ്ഥയെ രൂപപ്പെടുത്താനുതകുന്ന ഇടപെടലുകൾ സഭയുടെ ഭാഗത്ത് നിന്നും ഉണ്ടാകണം. അതിന് പരിസ്ഥിതിപരമായ കാഴ്ച്ചപ്പാടും സമഗ്രമായ സമീപനവും ആവശ്യമാണ്. ജീവനെ നിഗ്രഹിക്കുകയല്ല, ജീവിക്കാൻ കൊള്ളാവുന്നതും ജീവനെ പരിപോഷിപ്പിക്കുന്നതുമായ ഇടമാകണം ഭൂമി. ഭൂവിനിയോഗത്തിലുണ്ടായ മാറ്റം മൂലം ആവാസ വ്യവസ്ഥ നഷ്ടപ്പെട്ട ജീവജാലങ്ങളാണ് മഹാമാരിക്ക് കാരണമായ വൈറസുകളുടെ വാഹകരെന്നും, മനുഷ്യരുടെയും ജന്തു ജാലങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പാലിക്കുന്ന 'വൺ ഹെൽത്ത്' ആശയമാണ് ഇനിയും വേണ്ടതെന്നും പുതിയ പഠനം വെളിപ്പെടുത്തുന്നു. ഇത് ഗൗരവതരമായ കണ്ടെത്തലാണ്. പ്രകൃതിയുടെയും സമസ്ത ജീവജാലങ്ങളുടെയും വീണ്ടെടുപ്പ് ഉറപ്പാക്കിയില്ലെങ്കിൽ

മനുഷ്യരാശിയുടെ ഭാവി രോഗാതുരവും ഇരുളടഞ്ഞതുമാകും. അതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങളോട് കണ്ണടയ്ക്കുവാൻ സഭയ്ക്ക് സാധിക്കുകയില്ല. ആരാധനയെയും ആത്മീയതയെയും ആലയത്തിന്റെ ചുവരുകൾക്കുള്ളിലൊതുക്കാതെ, പാടശേഖരത്തും പണിശാലകയിലും, കൃഷിയിടങ്ങളിലും ആരാധനയുടെ പവിത്രത സന്നിവേശിപ്പിക്കാനാകണം. ആത്മീയതയുടെ ഈ കടന്നുകയറ്റത്തിലാണ് ഇടങ്ങളുടെ പരിവർത്തനം സാധ്യമാകുന്നത്. ഇടങ്ങളുടെ സാധ്യത ക്രിസ്തു തിരിച്ചറിഞ്ഞു. അതുകൊണ്ട് പാതയോരത്തും പുഴവക്കത്തും താഴ്വാരങ്ങളിലും കുന്നുകളിലും മണ്ണിനോടും മനുഷ്യനോടും വ്യത്യസ്ഥമായ സമീപനം നിലനിർത്തുവാൻ ക്രിസ്തുവിന് സാധിച്ചു. ആത്മീയതയ്ക്ക് വളക്കൂറില്ലെന്ന് കണ്ട് അന്യവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഇടങ്ങളിലേക്ക് പോലും കൂട്ടങ്ങളും കൂട്ടായ്മകളും കടന്ന് ചെല്ലുമ്പോഴാണ് ബന്ധങ്ങളും അത്മീയതയും ഹരിതാഭമാകുന്നത്. ശാന്തിനികേതൻപോലുള്ള പഠന കേന്ദ്രങ്ങൾ നല്കുന്ന ആഹ്വാനം 'മരച്ചുവട്ടിലേക്കും പ്രാർത്ഥനമാറണം' എന്നതാണ്. അഥവാ പ്രാർത്ഥനയ്ക്കായി മരത്തണലുകൾ സൃഷ്ടക്കപ്പെടണം. സെമിത്തേരികൾ ഏറ്റവും ആകർഷകമായ പൂന്തോട്ടങ്ങളായി മാറണം. പ്രശസ്ത പത്രപ്രവർത്തകനും മുൻ കേന്ദ്രമന്ത്രിയുമായ അരുൺ ഷൂറി ഈയിടെ എഴുതിയ 'Preparing for Death' എന്ന പുസ്തകത്തിൽ അഭിപ്രായപ്പെടുന്നു, 'ജീവിതത്തെ ഭയത്തോടെയല്ല, നിത്യജീവിതത്തിന്റെ സമഗ്രയോടെ വീക്ഷിക്കുവാനുള്ള താല്പര്യം വളർത്തിയെടുക്കുവാൻ പുന്തോട്ട മനോഭാവങ്ങൾ നമ്മെ തുണയ്ക്കും' എന്നാണ്.

വിവരസാങ്കേതിക വിദ്യയുടെ അഭൂതപൂർവ്വമായ വളർച്ച നമുക്കിന്ന് നേർക്കാഴ്ചയാണ്. ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് നൂതന സാധ്യതകളും ഒപ്പം വെല്ലുവിളികളും നമുക്ക് മുന്നിലുയർത്തുന്നു. സൃഷ്ടിയുടെ മകുടമെന്നൊക്കെ കരുതിപോന്ന മനുഷ്യർ തന്നെ അപ്രസക്തമായാൽ മനുഷ്യത്വത്തിന്റെ തരളിതഭാവങ്ങളായ സ്നേഹം, കരുണ, മനസ്സലിവ്, ആർദ്രത, വിശ്വസ്തത എന്നിവ യന്ത്രത്തിന് പകരം വെക്കാനാകുമോ?. ജൈവമനുഷ്യൻ യാന്ത്രികനായാലും ഇതേ അപകടം തന്നെയുണ്ടെന്നുള്ളതും നാം ഓർക്കണം. ഈ ദശാസന്ധിയിൽ യിരമ്യാപ്രവാചകന്റെ വാക്കുകൾ ശക്തവും ശ്രദ്ധേയവുമാണ്, 'നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയപാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ, എന്നാൽ നിങ്ങളുടെ മനസ്സിന് ആശ്വാസം ലഭിക്കും' (യിരമ്യാവ് 6:16). ഈ നിർണ്ണായക ദശാസന്ധിയിൽ നല്ലവഴി തിരഞ്ഞെടുക്കാനും അതിൽ നടപ്പാനും ലോകത്തിന് പ്രചോദനപ്രദമാകുവാൻ സഭയ്ക്ക് സാധിക്കണം. ഗ്രാമവികസനത്തിന് ശക്തീകരണം നല്കണം. ജൈവവ്യവസ്ഥിതിക്ക് ഭംഗംവരുത്താത്തതും നിലനില്ക്കുന്നതുമായ വികസന മാതൃകകൾ പ്രോത്സാഹിപ്പിക്കണം. മാധ്യമലോകത്ത് വിപ്ലവമാകുന്ന ഡിജിറ്റൽ സാധ്യതകൾ ഗുണാത്മകമായ വിധം വിനിയോഗിക്കപ്പെടണം. വ്യക്തിഹത്യക്കോ, രാഷ്ട്രീയ മുതലെടുപ്പിനോ ആയിത്തീരാതെ ദൈവരാജ്യവർദ്ദനവിനും വ്യക്തിത്വവികസനത്തിനും സാമൂഹികപരിവർത്തനത്തിനും മുഖാന്തിരമാകണം. ഇവിടെ പക്വമായ സമീപനം എല്ലാവരിൽ നിന്നുമുണ്ടാകണം. കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ മാധ്യമങ്ങൾ വിസ്മയകരമായവിധം ആത്മീകവർദ്ധനവിന് ഉപയുക്തമായി എന്നത് സന്തോഷത്തോടെ സ്മരിക്കുന്നു.

മാനവ വിഭവശേഷിയാൽ സമ്പന്നമാണ് മാർത്തോമ്മാ സഭ. തൊഴിൽപരമായി വിവിധ മേഖലകളിൽ വൈദഗ്ദ്യം ലഭിച്ച അനേകർ നമ്മുടെ ഇടയിലുണ്ട്. ലഭ്യമായ മാനവവിഭവശേഷി സഭയുടെ ആകമാന

വളർച്ച യ്ക്ക് വിനിയോഗിക്കപ്പെടണം. കഴിവും സമർപ്പണവുമുള്ളവരെ കണ്ടെത്തി സഭയുടെ പ്രേക്ഷിതവൃത്തിയ്ക്കായി പ്രോത്സാഹിപ്പിക്കണം. ദൈവം നല്കിയ ആയുസ്സിന്റെ പങ്ക് ദൈവരാജ്യ വർദ്ധനവിനായി പങ്കിടണം. ഭാരതത്തിന്റെ ഗ്രാമങ്ങൾ ഇന്നും സുവിശേഷത്തിനായി ദാഹിക്കുന്നു. 'ആരെ ഞാനിനി അയയ്ക്കേണ്ടു, ആർ എനിക്കായി പോയീടും' എന്ന ദൈവശബ്ദം ഇന്നും മുഴങ്ങിക്കേൾക്കുന്നു. 'കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം'. കൊയ്ത്തിന്റെ യജമാനനോട് എന്നെ അയക്കണമെ എന്ന് പറയുന്ന പുത്തൻ വ്യക്തികളും കൂട്ടങ്ങളും മാർത്തോമ്മാ സഭയിൽ ഇനിയും ഉണരണം. അതിൽ യുവാക്കളും മദ്ധ്യവയസ്ക്കരും തൊഴിൽ മേഖലകളിൽ നിന്നും വിരമിച്ച ആരോഗ്യമുള്ളവരും ഉൾപ്പെടണം. സുവിശേഷ വിഹിത സഭയാണ് മാർത്തോമ്മാ സഭ. മിഷൻ പ്രവർത്തനങ്ങൾക്ക് നല്കിയിട്ടുള്ള പ്രാധാന്യം അല്പം പോലും ഒളിമങ്ങാതെ നിലനിർത്താനാകണം. വിവിധ ഭാഷാ - സാംസ്ക്കാരിക വൈവിധ്യങ്ങളെ ഉൾക്കൊണ്ട് സംവദിക്കുന്നതിനും ക്രിസ്തുവിനെ ജീവിന ഇടങ്ങളിൽ പകർന്ന് നല്കുന്നതിനും സുവിശേഷ വയൽ പ്രദേശങ്ങളിലൂടെ സാധിക്കണം. തനത് ഭാഷയും സംസ്ക്കാരവും ചോരാതെ കാക്കുന്ന ആരാധനയും ആത്മീക ഇടപെടലുകളും ഇനിയും വർദ്ധിക്കണം.

ആരും നഷ്ടമായിപ്പോകരുത്. ദൈവത്തിന് വേണ്ടാത്തതായി ആരും ഈ ലോകത്തില്ല. മുതിർന്ന തലമുറയെ ആദരപൂർവ്വം സ്നേഹിക്കണം. സ്ത്രീകളും കുഞ്ഞുങ്ങളും സഭാഗാത്രത്തിന്റെ ഒഴിച്ച്കൂടാനാകാത്ത അവയവങ്ങളാണെന്ന് ആവർത്തിച്ച് ഓർപ്പിക്കണം. യുവതലമുറയെപ്പറ്റിയുള്ള ഒരു ആത്മഭാരവും നമുക്കുണ്ടാകണം. മാർത്തോമ്മാ സഭ 'എന്റെ സഭ' എന്ന് അവർ ഹൃദയപൂർവ്വം പറയത്തക്കവിധം അവരെ സഭയോട് ചേർത്ത് നിർത്തുവാൻ നമുക്ക് സാധിക്കണം. ഇന്നത്തെ യുവജനങ്ങളാണ് തുടർന്നും സഭയ്ക്ക് കരുത്താകേണ്ടത്. ആധുനിക തലമുറയിൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന ഒരു അത്മീകത വളർത്തിയെടുക്കുവാൻ നേതൃത്വത്തിനും സാധിക്കണം. പാരമ്പര്യത്തിന്റെ തുടർച്ചയും ആധുനികതയുടെ ഉൾച്ചേരലും സഭയുടെ പ്രവർത്തനങ്ങളിൽ സന്നിവേശിപ്പിക്കപ്പെടണം. നവീകരണ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുന്നതിനും അതിന്റെ തുടർച്ച സമകാലിക പശ്ചാത്തലത്തിൽ സാധ്യമാക്കുന്നതിനും സഭയ്ക്ക് ഇടയാകണം. അപ്പോഴാണ് നവീകരണം തുടർമാനമാകുന്നത്. എക്യൂമെനിക്കൽ ബന്ധം ശക്തമാക്കുന്നതിനും സഭാ - സാമുദായിക സംഘങ്ങളോട് ഒരുമിച്ച് പ്രവർത്തിക്കാവുന്ന എല്ലാ ഇടങ്ങളിലും കൈകോർക്കുന്നതിനും സാധിക്കണം.

സമൂഹത്തോട് സഭയ്ക്ക് എല്ലാക്കാലത്തും ഒരു ദൗത്യമുണ്ട്. സമൂഹത്തിന്റെ സ്പന്ദനങ്ങളെ തിരച്ചറിയാതെ സഭയ്ക്ക് കാലോചിതമായി നിലനില്ക്കാനോ പ്രവർത്തിക്കുവാനോ കഴിയുകയില്ല. നമ്മുടെ രാജ്യം വികസനത്തിന്റെ പാതയിലാണെന്നഭിമാനിക്കുമ്പോഴും, ആഗോള പട്ടിണി സൂചികയിൽ ഗുരുതര പട്ടിണിസാഹചര്യങ്ങളുള്ള രാജ്യങ്ങളുടെ ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ജനസംഖ്യയുടെ 14 ശതമാനത്തിലധികം പോഷകാഹാരം ലഭിക്കാത്തവരും 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളിൽ നല്ലൊരുപങ്ക് വരൾച്ചാമുരടിപ്പും തൂക്കക്കുറവും അനുഭവിക്കുന്നവരുമാണ്. ഒരു വശത്ത് പോഷകാഹാരക്കുറവും മുരടിപ്പും മൂലം മരണനിരക്ക് ഗണ്യമായി വർദ്ധിക്കുമ്പോൾ, മറുവശത്ത് ധൂർത്തിന്റെയും ആഡംഭരത്തിന്റെയും മദ്ധ്യത്തിലാണ് ധനികവർഗ്ഗം. ധനമുള്ളവർ സമ്പത്തിന് അടിമകളാകരുത്. ദരിദ്രന്റെ നിലവിളിക്ക് ചെവി തുറക്കുകയും സഹായിക്കുകയും

വേണം. വളർച്ചയുടെ മധ്യത്തിലെ മുരടിപ്പും സമൃദ്ധിയുടെ മദ്ധ്യത്തിലെ ദാരിദ്രവും കണ്ടില്ലെന്ന് നടിച്ച് ആർഭാടത്തിന് കൂടപിടിക്കുന്നത് സഭയ്ക്കും സഭാമക്കൾക്കും ഭൂഷണമല്ല.

മൃഗങ്ങൾ പോലും ലജ്ജിക്കുന്ന പൈശാചികതയ്ക്ക് ഇരകളാകാൻ വിധിക്കപ്പെട്ട മനുഷ്യരുണ്ട് ഈ നാട്ടിൽ. പെൺകുട്ടികളുടെ ആർത്തലച്ച കരച്ചിൽ ഒന്നിനു പിറകെ മറ്റൊന്നായി ഉയരുന്നു. പുരുഷമേധാവിത്വത്തിന്റെയും വരേണ്യവർഗ്ഗത്തിന്റെയും ധാർഷ്ട്യത്തിന് മുന്നിൽ സ്ത്രീത്വം കേവലം ലൈംഗിക ബിംബമായും, നഷ്ടപ്പെടാൻ മാത്രം വിധിക്കപ്പെട്ട ജന്മമായും മാറുന്നു. ആരോപണ – പ്രത്യാരോപണങ്ങൾകൊണ്ട് മുഖരിതമാണ് രാഷ്ട്രീയരംഗം. ഇരയെ സംരക്ഷിക്കാൻ കഴിയാത്തവിധം ദുർബലമാകരുത് നമ്മുടെ നിയമവ്യവസ്ഥകൾ. ഇന്ന് സഭ ആരുടെ കൂടെ? എന്നെപ്പോലെ ഈ ഭൂമിയിൽ മറ്റ് മനുഷ്യരും സുഖമായും അന്തസ്സായും ജീവിക്കണമെന്ന് ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി സംജാതമാകണം. ഭരണഘടന വിഭാവന ചെയ്യുന്ന അവകാശങ്ങൾ ഓരോ പൗരനും അറിയുകയും അതിനെ അവർക്കുറപ്പാക്കാൻ നീതി–നിയമ വ്യവ്സഥകൾ പ്രതിജ്ഞാബദ്ധമാവുകയും ചെയ്യണം. സഭയുടെ പ്രവാചക ശുശ്രൂഷയെ വളരെ ഗൗരവപൂർവ്വം നാം കാണേണ്ടിയിരിക്കുന്നു. സമകാലിക സാമൂഹ്യ–രാഷ്ട്രീയ–മതപരമായ ഇടങ്ങളിൽ വളരെയേറെ സങ്കീർണ്ണതകളുണ്ട്. നിസംഗതയും മരവിപ്പും നമ്മെ ഗ്രസിപ്പാൻ ഒരിക്കലും അനുവദിച്ച് കൂടാ. മനുഷ്യന്റെ പ്രശ്നങ്ങളിൽ സഭയ്ക്ക് ഇടപെടാനുകന്നില്ലെങ്കിൽ സഭ ജീർണ്ണതയുടെ പാതയിലാണ്. കാരണം ക്രസ്തുവിന്റെ ജഡധാരണത്തിന്റെ വിശാലമാക്കലാണ് സഭയുടെ ധർമ്മം. ക്രിസ്തു കടന്നു ചെല്ലാത്ത ഒരു മേഖലയും അവിടില്ലായിരുന്നു. ജനങ്ങളോടൊപ്പം സഞ്ചരിച്ചു. വേദനകൾ മനസ്സിലാക്കി, ആർദ്രതയോടും മനസ്സലിവോടും ഇടപെട്ടു. ക്രീയാത്മക ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമെ സഭയുടെ ശുശ്രൂഷകൾ കാലികമായി നിലനിർത്തുവാൻ സാധിക്കുകയുള്ളു.

ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണ് ഇന്നിന്റെ ആവശ്യം. സഭയുടെ നാഥൻ കർത്താവാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും നമ്മെ വിളിക്കുകയും ഒരുക്കുകയും നിയോഗിച്ചയക്കുകയും ചെയ്യുന്നത് ദൈവമാണെന്ന ബോധ്യം നമുക്കുണ്ടാകണം. മോശയ്ക്ക് ശേഷം യോശുവയെ നിയോഗിച്ചപ്പോൾ ദൈവം നല്കിയ പ്രബോധനവും ഉറപ്പും ഈ കാലഘട്ടത്തിൽ നമ്മെയും ശക്തീകരിക്കുന്നു. 'ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽ നിന്ന് നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെയൊക്കെ പ്രമാണിച്ച് നടക്കേണ്ടതിന് നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം. എന്നാൽ നിന്റെ പ്രവർത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും. നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടു കൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക; ഭയപ്പെടരുത്, ഭ്രമിക്കയുമരുത് എന്ന് ഞാൻ നിന്നോട് കല്പിച്ചുവല്ലോ.' (യോശുവ 1: 8, 9) മനുഷ്യന്റെ സ്വയാർജ്ജിത കഴിവല്ല, ദൈവത്തിന്റെ കൃപയാണ് നമുക്ക് ആവശ്യം. അതിനായി സഭാമക്കളായ നിങ്ങൾ ഓരോരുത്തരുടെയും പ്രാർത്ഥന വീണ്ടും ആവശ്യപ്പെടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

# Church as Agents of Enlightening the World in a New Era

(***Speech delivered by H. G. Most Rev. Dr. Theodosius Mar Thoma Metropolitan On 14.11.2020 during the Installation Ceremony***)

**"My soul doth magnify the Lord, And my spirit hath rejoiced in God my Saviour. For He that is mighty hath done to me great things; and holy is His name."**
**(St. Luke1:46, 47, 49)**

Honorable Bishops, respectful religious-social-cultural-political leaders, Clergy, and dearly beloved in Christ - a warm greeting to all of you in the precious name of Jesus Christ.

On this rare and unique day when Deepavali and Children's Day converge, I have been entrusted with the Vocation to become the Metropolitan of the Malankara Mar Thoma Syrian Church-by God, the people of God, the Bishops and Clergy. I submit myself to this divine calling. United in mind and heart with the Almighty God, the Kingdom of God, our Motherland India, the Church in India and the Global Church in all humility, I assume my vocation to lead the Malankara Mar Thoma Syrian Church to a new era. Weak though I am, I firmly believe that my only strength comes from your prayers and support.

The power of prayer is the inspiration and motivation behind all human endeavours. Jesus Christ equipped himself for the different stages of his ministry through prayers. Guided by the Holy Spirit, Jesus Christ spent his time in the desert in fasting and prayers and this instilled in him a clear insight about his ministry. He returned to Galilee, under the guidance of the Holy Spirit and through the spiritual strength gained through prayers (St. Luke 4:14). It was this spiritual strength that helped him to proclaim his anointing and vocation at the synagogue of Nazareth (4:18, 19). Right from the beginning of his ministry till his crucifixion, Christ was able to maintain the strength and glory of prayers. A prayer rose up from Christ during all the critical situations in his life-before taking important decisions, at the intense loneliness and agony at Gethsamene, the great anguish and pain experienced at the Cross. The early Church experienced the strength and power of prayers, even in the midst of severe persecution. In St. Luke 1: 10 we see that when Zechariah went into the temple of the Lord to offer the incense there was a large crowd outside praying, at the time the incense was offered. It was the tearful prayers of our ancestors and the grace of God that has enabled the Mar Thoma Church to attain this state of spiritual upliftment. I exhort all the children of the Church to pray for the strength and fortitude of the Church in these challenging times.

As I assume this new responsibility, I glorify God for all the people who have exerted a great formative influence on me and who have made me aware of my divine calling and vocation. I recall with gratitude my parents and the dedication and piety exemplified by them in their lives. Ashtamudi – the place of my birth and my native parish have contributed greatly to my spiritual enrichment and development. I owe a lot to many people and institutions for my spiritual

development - my siblings, the teachers who taught me, the Clergy in my parish, my friends, the persons who encouraged and motivated me in my theological studies, the persons who guided me in carrying out my priestly duties – all of them have made substantial contributions to mould my calling and vocation. The schools and colleges where I studied, the hostels and boarding where I spent my formative days – all these institutions have helped and equipped me to lead a disciplined spiritual life. I was ordained as a Semmash on June 24th 1972 by Dr. Thomas Mar Athanasius Suffragan Metropolitan. I was ordained as Kassissa on 24th February 1973 and consecrated as Episcopa on December 9th 1989 by Dr. Alexander Mar Thoma Metropolitan. I was ordained as Ramban on November 4th 1989 and ordained as Suffragan Metropolitan on July12th 2020 by Dr. Joseph Mar Thoma Metropolitan. In the past thirty one years the Almighty God has given me opportunities to work along with Metropolitans like Dr. Alexander Mar Thoma, Dr. Philipose Mar Chrysostom Mar Thoma, Dr. Joseph Mar Thoma and all other Bishops of our Church. I thank God for the glorious services rendered by the Suffragan Metropolitans, Dr. Zacharias Mar Theophilus and Geevarghese Mar Athanasius who were called to eternal rest while serving as Suffragans. How great and sublime is the Grace of God — that has elevated me, their descendant to this position. I will always remember with gratitude the support and prayers from the Clergy both in my services as a priest and as an Episcopa. The love, concern, prayers and support showered upon me by the people of God has been my strength till now.

The Church belongs to God. It is a congregation of the chosen people comprising of the Laypeople, the Clergy and the Bishops. The Laymen have a very important role to play in the body of the Church. It is their commitment and prayers that enrich and ennoble the spiritual commitment and services of the Clergy and the Bishops. Spiritual service can never be performed in isolation and no man can carry it forward, without the support of others. It is a collective responsibility involving the union with God and the people of God. A blessed spiritual life can be realized only through collective work and commitment. The people sidelined as the marginalized and labeled as failures are also part of the Church which is the body of God. The prayers and active participation of the children of God are indispensable for the proper spiritual functioning of the Church.

Today is November 14th – the day of the festival of Deepavali. Deepavali means the festival of lights. This festival of lights is celebrated by the people all over India. It is a prayer to lead us from Falsehood to Truth, from Darkness to Light and from Death to Immortality. Jesus Christ who proclaimed "I am the light of the world" (St. John 8:12) exhorts his disciples to become the light of the world (St. Mathew 5:14). The motto of the Mar Thoma Church 'Lighted to Lighten' highlights this mission. In this contemporary world enveloped in darkness and gloom, each one of us is chosen to be the lights of the world – to give light to the world. Our calling is to keep the lamp burning till the end. The winds of adversity should not be allowed to extinguish this light. The mission of the Church is to lead the world, from this encircling darkness to a bright radiant future and this is possible only if we live as the children of light. The world expects enlightened minds and ennobling deeds, from the children of God. The character and moral integrity of the people in

power are of more importance than the splendor and power of their designation. The qualities like honesty, integrity, responsibility and true stewardship should be retained by each Marthomite, both in his/her private and public life.

For the past ten months the world has been experiencing a state of fear and panic under the impact of the corona virus. The role of the Church at this juncture is not to remain in fear and panic but to practice the peace given by the resurrected Christ. The peace offered by Christ is a peace that transcends human understanding. In the midst of trials and tribulations it is a clarion call to surge ahead in the midst of adversities. Christ exhorted his disciples not to be intimidated by the dark and dismal tunnels of fear and failure, but to be united in him to spread the gospel of hope and faith and to transform the world. At present the Church is facing the same challenges experienced by the disciples. The responsibility of the Church and its local constituents the parishes, is to equip people and society to arrive at a state of sustainable endurance, in this world rocked by repeated calamities. We should have the insight to view the suicides committed in our neighborhood as our own failures.

The urgent need of the hour is the transformation of the 'social and geographical space'. The Church should be actively involved in the attempts to create a sustainable and beautiful environment. A holistic approach to environment is needed to arrive at such a state. The earth should not be a destroyer of life, but a space to foster and promote sustainable life. Recent studies have proved that a 'one health' holistic system that protects the balance of the ecological system and the health of all living things is needed to thwart the exploitation of the fragile eco system. It is the indiscriminate exploitation of the environment that has resulted in the outbreak of the virus created pandemics. This is a serious finding. If we do not work for the regeneration of the environment and its living beings, the future of humankind will become dark, dismal and disease–ridden. As such the Church can never turn a blind eye to the environmental concerns. The sanctity of true worship should not be restricted within the confines of the four walls of the Church, but should encompass the entire agricultural and industrial sectors. The transformation of "space' can be accomplished only by the influence of true spirituality. Christ has recognized the full possibility of social spaces. Relationship and spirituality become meaningful when the Church attempts to transform areas that are spiritually barren and marginalized. 'Prayers should be beneath the trees; or shady trees should be created for prayers' is the great lesson taught by institutions like Santhiniketan. Renowned journalist and former Union Minister, Arun Shourie in his latest book "Preparing for Death" echoes the same sentiments. "The garden mentality will help us to view life not in fear, but will create in us a desire to observe life in a comprehensive manner".

Ours is an age in which we witness the unprecedented growth of Information Technology. The domain of artificial intelligence has paved the way for infinite possibilities and new challenges in our life. Even if man who is considered as the crown of all creation becomes insignificant, can a machine replace the human qualities like love, kindness, tenderness, honesty and sensitivity? It is quite dangerous when a biological man transforms into a mechanical being. The words of prophet

Jeremiah, become meaningful and relevant at this impasse, “Stand at the crossroads and look; ask for the ancient paths, ask where the goodway is, and walk in it, and you will find rest for your souls.” (Jeremiah 6:16) At this critical juncture it should be possible for the Church to inspire the world – to choose the right path and to walk through it. Villages should be empowered to promote rural development. Sustainable developments that do not jeopardize the biodiversity should be promoted. Digital developments should bring about constructive revolutionary changes in the field of Media. These developments should not contribute to character assassination or political advancement but should aim at the glory of the Kingdom of God – the development of personality and social transformations. These issues should be approached and handled in a mature and reasonable manner by everyone. I recall with gratitude, the exemplary work carried out by the online media, to foster spiritual growth in the COVID-19 scenario.

The Mar Thoma Church is rich in human resources. Many of our members are experts in professional and technological fields. Our human resources should be utilized for the overall growth and development of our Church. The persons who have such ability and dedication should be encouraged to take part in the mission activities of the Church. A share of the life granted by God, should be utilized for the growth and development of the Reign of God. Many villages in India still thirst for the word of God. The voice of God, “Whom shall I send, and who will go for us?” still echo amidst us. When the sound of the Lord, proclaiming “The harvest is plentiful, but the workers are few” is heard, a new group who replies “Here I am; Send me” should step forward from the Mar Thoma Church. The group should comprise of the youth, the middle aged and the retired people. Mar Thoma Church is a gospel oriented Church. The importance given to mission work by the Mar Thoma Church should be a beacon of light that extends into the future. In these mission fields, we should be able to encompass the diverse linguistic and cultural differences and to reveal Christ to the people through our interactions. Worship and spiritual involvements that in no way dilute the unique language and culture should gain momentum.

No man should be lost. No one in this world is neglected by God. The older generation should be treated with respect and reverence. It should be emphasized, that women and children are indispensable parts of the body of the Church. Our hearts should be weighed down by a spiritual burden for the youth. The youth should be closely aligned with the Church so that they can proudly and earnestly proclaim, “Mar Thoma Church is my Church.”The youth should play a significant role in strengthening the Church in future. The Church should cultivate a spirituality that can deeply influence the youth. In the entire activities of the Church there should be a harmony between the continuity of tradition and the insight of modernity. The traditional reformative spirit should be strictly adhered to and its continuity should be extended to the contemporary situation. The Ecumenical relationships should be strengthened and all attempts should be made to work hand in hand with the social organizations, when and wherever it is possible.

The Church is permanently responsible to the society. It is impossible for the Church, to exist and strive as a social unit, if it is not sensitive to the rhythms of contemporary society. Even when our

nation claims that we are on the way to progress, it is quite disheartening to note that we are ranked as one among the nations in the Global Hunger Index. Fourteen percent of the people are undernourished and a considerable number of children under five are stunted and underweight. The death rate due to malnutrition is increasing at a tremendous rate and on the other hand the rich continue to live in the lap of luxury. The rich should not become the slaves of wealth. We should keep our ears open to the cries of the poor and should help them. As the body of Christ, the Church and its members should not ignore the fact that there is poverty amidst plenty and there is agony amidst luxury. We ought to be compassionate and empathetic towards people who are less fortunate than us.

Human beings are losing their humane qualities and many cruel atrocities that even shame the animals are committed on their fellow beings. Gender discrimination is quite rampant in our society. Under the dominance of the powerful patriarchal society, women are fated to become the victims of abuse and the symbols of sexual objectification. Our political scenario resonates with allegations and counter allegations. If our legal system is weakened it becomes impossible to serve the weak. On whose side is the Church today? A new system should arise where all human beings desire and strive to create a society where all can live comfortably and with dignity. Each and every citizen should be made aware of the rights guaranteed by the constitution. Our legal and administrative system should ensure that the citizens get to enjoy their rights. The prophetic mission of our Church should be seriously considered. The contemporary social, political and religious situation is quite complex and we should not allow our indifference and lethargy to overcome us at this juncture. If the Church fails to involve in the problems encountered by human beings in a convincing manner, we can rightly say that the Church is on the path of decay. The mission of the Church is to broaden the scope of the human incarnation of Christ in this world. No area of social concern was neglected by Christ. He walked with the people; he realized their pain and agony and interacted with them with tenderness and kindness. A sustainable mission activity with contemporary significance can be brought about only through a creative constructive involvement on the part of the Church.

The need of the hour is to return to God. Christ is the head of the Church and we should have the firm conviction that it is God who is behind our calling and He guides us and directs us in all our efforts. The commission and assurance given to Joshua by God after the death of Moses is quite relevant and it strengthens us. "This Book of the Law shall not depart from your mouth, but you shall meditate in it day and night, that you may observe to do according to all that is written in it. For then you will make your way prosperous, and then you will have good success. Have I not commanded you? Be strong and of good courage; do not be afraid, nor be dismayed, for the LORD your God is with you wherever you go."(Joshua 1:8-9) What we need today is not our self reliance but the abundant grace of God. I conclude my words by soliciting the prayers of all of you, the children of our Church in this endeavour. May God bless you all.

**Dr. Theodosius Mar Thoma Metropolitan**